"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ഐ. വി ഇംപ്ലിമെന്റേഷന്റെ ഭാഗമായി ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു സ്പീഡ് ബോട്ട് വാങ്ങുന്നതിന് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.458/2025/F&P തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:- 1. സ.ഉ(സാധാ) 353/2025/മതുവ തീയതി 27/5/2025

2. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/6/2025 ലെ HOKMB-TVM/666/2025-A1 (Fin) നമ്പർ കത്ത്

**ഉത്തരവ്**

ഐ. വി ഇംപ്ലിമെന്റേഷന്റെ ഭാഗമായി ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു സ്പീഡ് ബോട്ട് വാങ്ങുന്നതിന് 5051-80-800-53-Infrastructure Development of Implementation of KIV Rules എന്ന ശീർഷകത്തിൽ 20,00,000/-രൂപയുടെ ഭരണാനുമതിയും സൗത്ത് ഇൻഡ്യൻ ഫെഡറേഷൻ ഫിഷർമാൻ സൊസൈറ്റിയ്ക്ക് നല്കുവാനുള്ള 17,00,688/- രൂപയുടെ ഫണ്ടും പരാമർശം (1) പ്രകാരം അനുവദിയ്ക്കുകയുണ്ടായി. പ്രസ്തുത ഫണ്ട് കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിയ്ക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ. വി ഇംപ്ലിമെന്റേഷന്റെ ഭാഗമായി ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു സ്പീഡ് ബോട്ട് വാങ്ങുന്നതിന് 5051-80-800-53-Infrastructure Development of Implementation of KIV Rules എന്ന ശീർഷകത്തിൽ ഫിഷർമാൻ സൊസൈറ്റിയ്ക്ക് നല്കുവാനുള്ള 17,00,688/- (പതിനേഴ ലക്ഷത്തി അറുന്നൂറ്റി എൺപത്തിയെട്ട രൂപ മാത്രം) രൂപയുടെ ഫണ്ട് കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ & പി ആർ ഡി, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anitha R S

Date: 30-06-2025 10:29:15

സെക്ഷൻ ഓഫീസർ